# പ്രകാശം പരത്തുന്ന വിളക്ക്

## 2 പത്രോസ് 1:19

"പ്രവാചക വാക്യവും അധികം സ്ഥിരമായിട്ടു നമുക്കുണ്ട്. നേരം വെളുക്കുകയും, നിങ്ങളുടെ ഹൃദയങ്ങളിൽ ഉദയനക്ഷത്രം ഉദിക്കയും ചെയ്‌വോളം ഇരുണ്ട സ്ഥലത്തു പ്രകാശിക്കുന്ന വിളക്കു പോലെ അതിനെ കരുതിക്കൊണ്ടാൽ നന്നു."

ഇവിടെ പത്രോസ് അപ്പോസ്തലൻ പ്രവാചക വാക്യത്തെ – വചനത്തെ, ഇരുണ്ട സ്ഥലത്ത് പ്രകാശിക്കുന്ന വിളക്കായി കരുതി സൂക്ഷിക്കുവാൻ ആവശ്യപ്പെടുകയാണ്. ഇരുളുള്ള സ്ഥലത്ത് വിളക്കിന്റെ ആവശ്യകത എത്ര അധികമാണെന്ന് നമുക്ക് നന്നായി അറിയാം. അതുപോലെ തന്നെ ഈ ലോകത്ത് നമ്മൾ ആയിരിക്കുമ്പോൾ അന്ധകാരത്തിന്റെ നടുവിൽ പ്രകാശം പരത്തുന്ന വിളക്കായി, വഴികാട്ടിയായ് വഴി നടത്തുന്ന വചനം എത്ര അധികമായ് നമ്മൾ വായിക്കുകയും ധ്യാനിക്കയും ചെയ്യേണം എന്ന് നമുക്ക് കാണിച്ചു തരുന്നു.

വചനധ്യാനം നമ്മെ ദൈവത്തോട് അടുപ്പിക്കുന്നു, പാപബോധം നമ്മിൽ ഉളവാക്കുന്നു, നിരപ്പിക്കുന്നു. സങ്കീർത്തനം 119:38 "നിന്നോടുള്ള ഭക്തിയെ വർദ്ധിപ്പിക്കുന്നതായ നിന്റെ വചനത്തെ അടിയനു നിവർത്തിക്കേണമേ." നമ്മുടെ ഭക്തിയെ വർദ്ധിപ്പിക്കയും നമ്മെ ദൈവത്തോട് അടുപ്പിക്കയും ചെയ്യുന്നതാണ് വചനധ്യാനം. നമ്മുടെ ചിന്തകൾ വിചാരങ്ങൾ എല്ലാം നമ്മെ പാപത്തിലേക്ക് വീഴ്ത്താൻ സാധ്യതയുണ്ട്. എന്നാൽ സങ്കീർത്തനക്കാരൻ പറയുന്നതു പോലെ, "ഞാൻ നിന്നോട് പാപം ചെയ്യാതിരിക്കേണ്ടതിനു നിന്റെ വചനത്തെ ഹൃദയത്തിൽ സംഗ്രഹിക്കുന്നു." സങ്കീർത്തനം 119:11 വചനത്തെ ഹൃദയത്തിൽ സംഗ്രഹിക്കുമ്പോൾ സാത്താൻ നമ്മുടെ ഹൃദയത്തിൽ പ്രവർത്തിക്കുന്നത് തടയാൻ നമുക്ക് സാധിക്കും. വചനം നമ്മെ ജീവിപ്പിക്കയും പരിജ്ഞാനത്തിൽ വളർത്തുകയും ചെയ്യുന്നു. "നിന്റെ വചനം എന്നെ ജീവിപ്പിച്ചിരിക്കുന്നത് എന്റെ കഷ്ടതയിൽ എനിക്ക് ആശ്വാസമാകുന്നു." സങ്കീർത്തനം 119:50. "നിന്റെ വചനങ്ങളുടെ വികാശനം പ്രകാശപ്രദം ആകുന്നു. അത് അല്പബുദ്ധികളെ ബുദ്ധിമാൻമാരാക്കുന്നു." സങ്കീർത്തനം 119:130

നമ്മുടെ കർത്താവ് വെളിച്ചമാണ്. ഏതു മനുഷ്യനെയും പ്രകാശിപ്പിക്കുന്ന സത്യവെളിച്ചം. ആ വെളിച്ചം ഇരുളിൽ പ്രകാശിക്കുന്നു. യേശു തന്റെ പർവ്വത പ്രസംഗത്തിൽ പറഞ്ഞു, "നിങ്ങൾ ലോകത്തിന്റെ വെളിച്ചമാകുന്നു മത്തായി 5:14 വിശുദ്ധ യോഹന്നാന്റെ സുവിശേഷം 1:2-ൽ പറയുന്നു "വചനം ദൈവം ആയിരുന്നു". 1:4-ൽ

പറയുന്നു "അവനിൽ ജീവൻ ഉണ്ടായിരുന്നു. ജീവൻ മനുഷ്യരുടെ വെളിച്ചമായിരുന്നു." ഈ വെളിച്ചം നമ്മളിൽ പ്രകാശിക്കുന്നേടത്തോളം ഇരുൾ നമ്മെ കീഴടക്കുകയില്ല. ഇപ്പോൾ കർത്താവിൽ വെളിച്ചമായ നമ്മൾ ഇരുളിന്റെ നിഷ്ഫല പ്രവൃത്തികളിൽ കൂട്ടാളികൾ ആകാതെ, അവയെ ശാസിച്ച്, കർത്താവിന് പ്രസാദമായത് എന്തെന്ന് തിരിച്ചറിഞ്ഞ് വെളിച്ചത്തിൽ നടക്കണം. ഈ വെളിച്ചം എപ്പോഴും നമ്മുടെ ഹൃദയത്തിൽ പ്രകാശിക്കേണം. എല്ലാവർക്കും വെളിച്ചം ലഭിക്കത്തക്കവണ്ണം വിളക്ക് കത്തിച്ച് തണ്ടിൻമേൽ വെക്കുന്നതുപോലെ നമ്മെ ഈ ലോകത്തിൽ ആക്കിയിരിക്കുന്നത് നമുക്ക് ചുറ്റുമുള്ളവർക്ക് നമ്മിൽ കൂടി പ്രകാശം ലഭിക്കാനാണ്. എങ്ങനെയാണ് നമുക്ക് പ്രകാശം കൊടുക്കാൻ സാധിക്കുന്നത്? ഇതിന്റെ ഉത്തരം നമ്മുടെ കർത്താവ് തന്നെ മത്തായി 5:16 ൽ പറഞ്ഞിട്ടുണ്ട്. "അങ്ങനെ തന്നെ മനുഷ്യർ നിങ്ങളുടെ നല്ല പ്രവൃത്തികളെ കണ്ട് സ്വർഗ്ഗസ്ഥനായ നിങ്ങളുടെ പിതാവിനെ മഹത്വപ്പെടുത്തേണ്ടതിനു നിങ്ങളുടെ വെളിച്ചം അവരുടെ മുൻപിൽ പ്രകാശിക്കട്ടെ." അതിനാൽ നമുക്ക് ഓരോരുത്തർക്കും വെളിച്ചത്തിന്റെ ഫലമായ, സകല സല്ഗുണവും, നീതിയും, സത്യവും നിറഞ്ഞവരായി, നേരം വെളുക്കുകയും, ഉദയനക്ഷത്രം ഉദിക്കയും ചെയ്‌വോളം ഈ ലോകത്തിന്റെ വിളക്കായി പ്രകാശിക്കാൻ ദൈവം കൃപ നൽകട്ടെ എന്നു പ്രാർത്ഥിക്കാം.

പരാമർശം:

2 കൊരിന്ത്യർ 4:6

ഇരുട്ടിൽ നിന്നു വെളിച്ചം പ്രകാശിക്കേണം എന്നു അരുളിച്ചെയ്ത ദൈവം യേശുക്രിസ്തുവിന്റെ മുഖത്തിലുള്ള ദൈവതേജസ്സിന്റെ പരിജ്ഞാനം വിളങ്ങിക്കേണ്ടതിന്നു ഞങ്ങളുടെ ഹൃദയങ്ങളിൽ പ്രകാശിച്ചിരിക്കുന്നു.

**സിസ്റ്റർ റീന ഷാജി പള്ളിപ്പാട് 013**